## പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 256

19.06.2018 - ൽ മറുപടിക്ക്

## കുടുംബശ്രീ മൈക്രോ യൂണിറ്റുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.മുരളീധരൻ<br>ശ്രീ. അനൂപ് ജേക്കബ്<br>ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. വി.പി.സജീന്ദ്രൻ | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | കുടുംബശ്രീ മൈക്രോ യൂണിറ്റുകൾ വിപുലീകരിക്കുവാൻ സർക്കാർ നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ്; ഈ സാമ്പത്തിക വർഷം ഇതിനായി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത് ; ൽകുമോ; | (എ) | കുടുംബശ്രീ മൈക്രോ എന്റർപ്രൈസസ് യൂണിറ്റുകൾ വിപുലീകരിക്കുവാനും പുതിയവ തുടങ്ങുവാനും കുടുംബശ്രീ വഴി സ്റ്റാർട്ട് അപ് ഫണ്ട്, പലിശ സബ്സിഡി, ടെക്നോളജി ഫണ്ട്, ടെക്നോളജി അപ്ഗ്രേഡേഷൻ ഫണ്ട്, രണ്ടാംഘട്ട ധനസഹായം, റിവോൾവിംഗ് ഫണ്ട്, ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്, ഇന്നവേഷൻ ഫണ്ട്, മൂലധന സബ്സിഡി എന്നീ ഫണ്ടുകൾ ജില്ലാ-സംസ്ഥാനമിഷനുകൾ വഴി നൽകി വരുന്നുണ്ട്.<br>ഇതിലേയ്ക്കായി ഈ സാമ്പത്തിക വർഷം 9.50 കോടി രൂപ മാറ്റിവെച്ചിട്ടുണ്ട്. |
| (ബി) | സമാന സ്വഭാവമുള്ള മൈക്രോ യൂണിറ്റ് സംരംഭങ്ങളെ ക്ലസ്റ്റർ സംവിധാനത്തിലേക്ക് കൊണ്ടുവരുന്നതിനും ഉല്പാദക കമ്പനികൾ ആരംഭിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | സമാന സ്വഭാവമുള്ള മൈക്രോ യൂണിറ്റ് സംരംഭങ്ങളെ ക്ലസ്റ്റർ സംവിധാനത്തിലേയ്ക്ക് കൊണ്ടുവരുന്നതിന്റെ ഭാഗമായി 19 കോമൺ ഫെസിലിറ്റി സെന്ററുകൾ (സി.എഫ്.സി)വിവിധ ജില്ലകളിൽ ഈ വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിലേയ്ക്കായി 6.98 കോടി രൂപ നീക്കി വെച്ചിട്ടുണ്ട്. സി.എഫ്.സി.കൾ ആരംഭിക്കുന്നതിനുള്ള കെട്ടിടങ്ങൾ കണ്ടെത്തുകയും പ്രൊപ്പോസലുകൾക്ക് ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. മെഷീനറികളും മറ്റും വാങ്ങുന്നതിനുള്ള ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. ഗുണഭോക്താക്കൾക്ക് പരിശീലനം നല്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ജീവനം എന്ന പേരിലുള്ള ക്യാമ്പയിൻ വിജയപ്രദമാണോ; | (സി) | അതെ |
| (ഡി) | വരുമാനദായകങ്ങളായ പുതിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് കുടുംബശ്രീ യൂണിറ്റുകൾക്ക് എത്രമാത്രം സാധിച്ചുവെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ഡി) | ഉണ്ട്; വരുമാനദായകങ്ങളായ പുതിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും വിജയിപ്പിക്കാനും കുടുംബശ്രീ യൂണിറ്റുകൾക്ക് സാധിച്ചിട്ടുണ്ട്. കുടുംബശ്രീയുടെ നേതൃത്വത്തിൽ ആരംഭിച്ച 90% സംരംഭങ്ങളും വരുമാനദായകങ്ങളാണ്. |

| | | | |
|---|---|---|---|
| (ഇ) | സംരംഭങ്ങൾ സ്ഥിരമായി സന്ദർശിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും മാർഗ്ഗനിർദ്ദേശം നൽകുന്നതിനും നിലവിലുള്ള സംവിധാനമെന്താണ്; പ്രസ്തുത സംവിധാനം കൂടുതൽ മെച്ചപ്പെടുത്തി കുടുംബശ്രീ മൈക്രോ യൂണിറ്റുകളെ വിപുലീകരിക്കുന്നതിന് തുടർനടപടി സ്വീകരിക്കുമോ? | (ഇ) | ഓരോ ജില്ലയിലും സിഡിഎസ്സുകൾക്കു കീഴിലുള്ള മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റുമാർ യൂണിറ്റുകളിൽ നേരിട്ടു പോയി പ്രവർത്തനങ്ങൾ വിലയിരുത്തുകയും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു വരുന്നു. പ്രസ്തുത സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി മൊബൈൽ ആപ്ലിക്കേഷനും വെബ്സൈറ്റും ജൂലൈ ആദ്യവാരത്തോടു കൂടി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ